ചെയ്യുകയും, പി.എസ്.സി. ഈ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയും, റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടുള്ളതുമാണ്. പി.എസ്.സി. നിർദ്ദേശിച്ച ഉദ്യോഗാർത്ഥികളെ നിയമിക്കുക മാത്രമാണ് വകുപ്പ് ചെയ്തിട്ടുള്ളത്. ഓരോ കാറ്റഗറിയിലേയും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്നത്. ഇപ്രകാരം പി.എസ്.സി. നിർദ്ദേശിച്ച ബോട്ട്മാസ്റ്റർ തസ്തികയിലെ നിയമനത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

അഡ്വൈസ് നമ്പർ	തീയതി	നിർദ്ദേശിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം
RIC(2) 22911/07/GW	11-7-2007	42
RIC(2) 22911/07/GW	28-11-2007	19
RIC(2) 22911/07/GW	3-3-2008	24
RIC(2) 22911/07/GW	16-7-2008	02
RIC(2) 22911/07/GW	9-12-2008	08
RIC(2) 22911/07/GW	12-4-2010	08
	ആകെ	103

ഈ 103 പേരിൽ 100 പേർ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്.

(ബി-ഡി) ഈ വിഷയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പി.എസ്.സി.-യിൽനിന്ന് ശേഖരിച്ച് നൽകുന്നതാണ്.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങൾ

56 (1607) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർവ്വകലാശാലകൾ, മെഡിക്കൽ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ ഏതൊക്കെ തസ്തികകളിലെ നിയമനങ്ങളാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തിരുവിതാംകൂർ-കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫീഡ്സ് ലിമിറ്റഡ്,

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ് എന്നിവ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. 9-5-2008-ലെ G.O.(Ms)84/08/AD പ്രകാരം കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനിക്കുകയുണ്ടായി. 1971-ലെ കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ് റൂൾസിൽ പ്രസ്തുത സ്ഥാപനത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 18-12-2010-ലെ സ.ഉ.(എം.എസ്.) നം.399/10/ഉ.വി.വ. പ്രകാരം സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട്. 19-3-2010-ലെ G.O.(Ms)No.9/2010/P&ARD, 5-4-2010-ലെ G.O.(Ms)No. 13/2010/P&ARD എന്നിവ പ്രകാരം യഥാക്രമം കേരള ഫീഡ്സ് ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനായി 1971-ലെ കെ.പി.എസ്.സി. (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) റൂൾസിൽ ഭേദഗതി വരുത്തുകയുണ്ടായി. 18-2-2008-ലെ G.O. (P) No. 2/2008/P&ARD പ്രകാരം സ്വയം ഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെൻറിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരികയുണ്ടായി. 9-5-2008-ലെ G.O. (Ms)No. 84/2008/AD പ്രകാരം കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ വർക്കർമെൻ, മാനേജീരിയൽ, സൂപ്പർവൈസറി തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുകയുണ്ടായി. 18-12-2010-ലെ സ.ഉ.(എംഎസ്.) നം. 399/10/ഉ.വി.വ പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതു സംബന്ധിച്ച്

57 (1609) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി, വിവിധ കമ്പനി/ കോർപ്പറേഷൻ എന്നിങ്ങനെ പി.എസ്.സി.-ക്ക് നിയമനാധികാരം നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങൾകൂടി പി.എസ്.സി. നിയമനത്തിനായി വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ബി) മുൻ കാലങ്ങളിൽ ഇപ്രകാരം പി.എസ്.സി.-ക്ക് നിയമനാധികാരം വിട്ടിട്ടുള്ളതും ഇപ്പോൾ വിട്ടുകൊടുത്തിട്ടുള്ളതുമായ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ് കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് നടപടികളുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly